TRACT No : SH - 6

# "ഭാഗ്യം... ഭാഗ്യം... നേടുക, ഇന്ന്... ഇപ്പോൾ... ഇപ്പോൾ."

ഭാഗ്യക്കുറി അഥവാ ലോട്ടറി ടിക്കറ്റ് നമുക്കേവർക്കും സുപരിചിതമാണല്ലോ. ഇന്നു സർവ്വസാധാരണമായി ഭാഗ്യക്കുറിയുടെ വിൽപ്പനാ പരസ്യം കേൾക്കാം. അതിപ്രകാരമാണ്: "ഭാഗ്യക്കുറി, ഭാഗ്യക്കുറി ഒരു ടിക്കറ്റ് എടുക്കുക. സമ്മാനം നേടുക... നറുക്കെടുപ്പ് നാളെ നാളെ..." രണ്ടാഴ്ച കഴിഞ്ഞും ഒരു മാസത്തിനുള്ളിലും നറുക്കെടുക്കുവാനുള്ളത് ലോട്ടറി ഭാഷയിൽ പറഞ്ഞാൽ ഭാഗ്യം നാളെ... നാളെ... അതായത് ഭാഗ്യം ഇന്നത്തേക്കല്ല, ഇപ്പോഴല്ല, മറിച്ച് നാളെ, നാളെ. അനേകർ ആശയോടെ ഭാഗ്യക്കുറി എടുക്കുന്നു, എന്നാൽ നിരാശരായിത്തീരുന്നു. ചിലർ മാത്രം ലോകദൃഷ്ടിയിൽ ഭാഗ്യവാന്മാരായിത്തീരുന്നു. എന്നാൽ ലോകത്തിലേക്കുംവച്ച് ഏറ്റവും വലിയ ഭാഗ്യം ഉണ്ട്, ഭാഗ്യവാനുണ്ട്; അതെന്താണ് ? ആരാണവർ? - വിശുദ്ധ ബൈബിൾ പറയുന്നു: *"ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ", "കർത്താവ് പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ", "യഹോവയെ ഭയപ്പെട്ട്, അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ", "അവനെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ."*

ഈ ലോട്ടറിയിലൂടെയുള്ള ഭാഗ്യവും ദൈവത്തിന്റെ ദാനമായ രക്ഷയുടെ ഭാഗ്യവും തമ്മിലുള്ള ചില വ്യത്യാസങ്ങളും ശ്രേഷ്ഠതകളും നോക്കാം:

★ ലോട്ടറിയിൽ ഭാഗ്യത്തിനായി ഒരു തുക മുടക്കേണ്ടിയിരിക്കുന്നു. എന്നാൽ ദൈവത്തിലൂടെയുള്ള ഭാഗ്യം അഥവാ **"രക്ഷ" സൗജന്യമാണ്.** ഇതിനായുള്ള സകല വിലയും കാൽവറി ക്രൂശിൽ കർത്താവായ യേശുക്രിസ്തു സ്വന്ത ജീവൻ നൽകി കൊടുത്തിരിക്കുന്നു. പാപം ഏറ്റുപറഞ്ഞു സ്വന്തമാക്കിയാൽ മതി. മതങ്ങൾ പ്രവർത്തിയിലൂടെ മോക്ഷം കരസ്ഥമാക്കുവാൻ അനുശാസിക്കുമ്പോൾ ക്രിസ്തുമാർഗ്ഗത്തിൽ വിശ്വാസത്തിലൂടെയുള്ള രക്ഷ സൗജന്യമാണ്. മതംമാറിയാൽ ലഭിക്കയില്ല. കാരണം മതത്തിൽ രക്ഷയില്ല. ക്രിസ്തു ഒരു മതം സ്ഥാപിച്ചിട്ടില്ല. തിരുവചനം പറയുന്നു: *"അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നതു"* (റോമർ 3:24).

★ ലോട്ടറി ഭാഗ്യത്തിൽ എല്ലാ ടിക്കറ്റിനും ഭാഗ്യം ലഭിക്കുന്നില്ല. എന്നാൽ ക്രിസ്തുയേശുവിലുള്ള **രക്ഷയുടെ ഭാഗ്യം വിശ്വസിക്കുന്ന ഏവർക്കും ലഭിക്കുന്നു**. *"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ.1:12). "വിശ്വസിക്കുന്ന ഏവന്നും... അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ"* (റോമർ 1:16). ***"ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു"**. (അപ്പൊ.10:35)*

★ ലോട്ടറി ഭാഗ്യം ലഭിച്ചാൽ ചില നിയമനടപടികൾ അനുസരിച്ചാലേ ഭാഗ്യത്തുക ലഭിക്കൂ. എന്നാൽ യേശുക്രിസ്തുവിലൂടെയുള്ള **രക്ഷയുടെ ഭാഗ്യം വിശ്വസിക്കുന്ന നിമിഷത്തിൽ ലഭിക്കുന്നു.** ഭാഗ്യത്തിനായി കാത്തിരിക്കേണ്ട ആവശ്യമേയില്ല. സർക്കാർ ഓഫീസിലോ ബാങ്കിലോ പോകേണ്ടാ - പുണ്യസ്ഥലങ്ങളിലോ തീർത്ഥാടന കേന്ദ്രങ്ങളിലോ പാപഭാരവുമായി പോകേണ്ടാ. ഏതു നിമിഷവും മനുഷ്യൻ തന്റെ ഹൃദയം തുറന്നു സ്വീകരിക്കുന്നമാത്രയിൽ ഭാഗ്യവാനായിത്തീരുന്നു.

★ ലോട്ടറി സമ്മാനത്തുകയ്ക്ക് നികുതി കൊടുക്കേണ്ടിവരുന്നു. അതായത് വാഗ്ദത്ത സമ്മാനത്തുക പൂർണ്ണമായി ലഭിക്കുന്നില്ല. എന്നാൽ യേശുക്രിസ്തുവിലൂടെയുള്ള **രക്ഷയുടെ ഭാഗ്യം വിശ്വസിക്കുന്ന ഉടനെ പൂർണ്ണമായി ലഭിക്കുന്നു.** രക്ഷാഭാഗ്യം ഭാഗികമല്ല. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന മാത്രയിൽത്തന്നെ പൂർണ്ണമായി അനുഭവിക്കാൻ കഴിയുന്നു. ക്രിസ്തുയേശുവിൽ മഹാധനികനായിത്തീരുന്നു.

[മറുപുറം]

★ ലോട്ടറി സമ്മാനത്തുക ലഭിച്ചവരുടെ പിന്നാലെ അനേകർ കൂടും. ക്രമേണ സമാധാനം നഷ്ടപ്പെടുന്നു. പ്രശ്നങ്ങൾ ഏറുന്നു. ചുരുക്കത്തിൽ ഉറക്കമില്ലാത്ത രാത്രികൾ മാത്രം ബാക്കിപത്രം. എന്നാൽ ക്രിസ്തുയേശുവിൽ പാപങ്ങൾ മോചിച്ചുകിട്ടുന്ന വ്യക്തിക്ക് ലഭിക്കുന്ന ഭാഗ്യം സർവ്വലോകത്തേക്കാളും വിലയേറിയ നിത്യജീവന്റെ അനുഭവമാണ്. **രക്ഷാഭാഗ്യം ലഭിച്ച വ്യക്തിക്ക് ദൈവീക സമാധാനത്താൽ നിറഞ്ഞുകവിയുന്ന പ്രത്യാശയും, സന്തോഷവും, ദൈവത്തിന്റെയും ദൈവമക്കളുടെയും സ്നേഹക്കൂട്ടായ്മയും ലഭിക്കുന്നു.**

**പ്രിയ മിത്രമേ, താങ്കൾ ഈ രക്ഷാഭാഗ്യം നേടിയിട്ടുണ്ടോ?** ലോകം, ഭാഗ്യക്കുറിസമ്മാനം ലഭിച്ചവനെ ഭാഗ്യവാനായി എണ്ണുന്നു. ധനം, സമ്പത്ത്, വസ്തുവകകൾ, വിദ്യാഭ്യാസം, ജോലി, കഴിവ്, ആരോഗ്യം, ശ്രേഷ്ഠബന്ധുജനങ്ങൾ ഒക്കെ ഭാഗ്യഘടകങ്ങളായി കാണുന്നു. എന്നാൽ ഇതൊക്കെയും മാറ്റപ്പെടാം; ധനം, സമ്പത്ത്, വസ്തുവകകൾ ഇല്ലാതാകാം. കഴിവ്, ആരോഗ്യം ഒക്കെയും കുറഞ്ഞുപോകാം. ശ്രേഷ്ഠബന്ധുമിത്രാദികൾ ചില നിസ്സാരകാര്യങ്ങളിൽ ശത്രുക്കളെപ്പോലെയായിത്തീരാം. അതോടെ ഭാഗ്യം നിർഭാഗ്യമായിത്തീരാം. എന്നാൽ *"യഹോവ ദൈവമായിരിക്കുന്ന ജനം ഭാഗ്യമുള്ളതുതന്നെ"* (സങ്കീ.144:15) എന്നു ബൈബിൾ പറയുന്നു. ലോകധനം പറന്നുവരുന്നതും പറന്നുപോകുന്നതുമായ ഒരു പക്ഷിക്ക് തുല്യമാണ്. യേശുക്രിസ്തുവിനെ ധനമായി സ്വീകരിക്കുന്ന വ്യക്തി മഹാഭാഗ്യവാനാണ്. ആ ധനം നമ്മെ ഒരിക്കലും വിട്ടുപോകയില്ല. മാത്രമല്ല സ്വർഗ്ഗത്തിൽ നിക്ഷേപവും ആയിരിക്കും. താങ്കൾ ഈ യേശുകർത്താവിൽ വിശ്വസിക്കുമോ? പാപം ഏറ്റുപറഞ്ഞു ദൈവമകനാകുമോ? അങ്ങനെ ചെയ്യുമെങ്കിൽ താങ്കൾ ഭാഗ്യവാനാണ്. ഇല്ലെങ്കിൽ നിർഭാഗ്യവാനായി നിത്യശിക്ഷാവിധിക്ക് കാരണക്കാരനാകും.

**എങ്ങനെ രക്ഷിക്കപ്പെടാം? എങ്ങനെ ഭാഗ്യവാനാകാം?** താങ്കളാണ് ഈ ഭാഗ്യം തിരഞ്ഞെടുക്കേണ്ടത്. സ്വർഗ്ഗഭാഗ്യം വേണോ, അതോ നിത്യനരകം വേണോ? താങ്കൾക്ക് യേശുക്രിസ്തുവിലൂടെയുള്ള ഭാഗ്യം ആവശ്യമെങ്കിൽ താഴെ കാണുന്ന പ്രാർത്ഥനാവാചകം വിശ്വാസത്തോടെ പ്രാർത്ഥിക്കുക: *"യേശുകർത്താവേ, എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. അങ്ങ് എന്റെ പാപങ്ങൾ മോചിച്ചു എന്നെ വീണ്ടെടുക്കുവാനായി ഈ ലോകത്തിലേക്കു വന്നു, ക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു ഇന്നും ജീവിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. തുടർന്നുള്ള എന്റെ ജീവിതം അങ്ങയിൽ മാത്രം ആശ്രയിച്ച് തുടരുന്നതിന് ഞാൻ തീരുമാനിക്കുന്നു."*

പ്രിയ മിത്രമേ, ഈ പ്രാർത്ഥന വിശ്വാസത്തോടെ പ്രാർത്ഥിച്ചുവെങ്കിൽ, താങ്കൾ വീണ്ടും ജനിച്ചിരിക്കുന്നു;ജീവിതത്തിൽ ഭാഗ്യനാൾ ഉണ്ടായിരിക്കുന്നു;ദൈവമകനും,ദൈവദൃഷ്ടിയിൽ ഭാഗ്യവാനും ആയിരിക്കുന്നു. മഹാസമ്പന്നനായ ദൈവം താങ്കളെ എല്ലാവിധ ആത്മീയഭൗതീക നന്മകളാൽ അനുഗ്രഹിക്കുകയും, വഴിനടത്തുകയും ചെയ്യുമാറാകട്ടെ.

*യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, ബൈബിൾ (പുതിയനിയമം) എന്നിവ സൗജന്യമായി ലഭിക്കുന്നതിനും,താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*


Samson Henry
Zion
Aradhana Nagar - 22
Behind Sanker's Hospital,
Kollam - 691 001

*(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ -22, കൊല്ലം - 691 001)*

Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com